**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4614** **13-03-2023 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക ശാക്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സാമ്പത്തിക ശാക്തീകരണം ഉറപ്പാക്കി മുഖ്യധാരയിൽ എത്തിക്കുന്നതിന് എന്തൊക്കെ പുതിയ പദ്ധതികളാണ് സർക്കാർ നടപ്പിലാക്കുന്നതെന്നതിന്റെ വിശദവിവരം ലഭ്യമാക്കുമോ; | (എ) | പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സാമ്പത്തിക ശാക്തീകരണം ഉറപ്പാക്കി മുഖ്യധാരയിൽ എത്തിക്കുന്നതിന് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>• സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന പട്ടികജാതി വിഭാഗക്കാർക്ക് വകുപ്പ് മുഖേന 1 ലക്ഷം രൂപ വരെയും (1/3 സബ്സിഡി) സ്വയം സഹായ സംഘങ്ങൾക്ക് 10 ലക്ഷം രൂപ വരെയും (പ്രോജക്ട് കോസ്റ്റിന്റെ 75%) തൊഴിൽ സബ്സിഡി അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്.<br>• പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവസംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി സ്റ്റാർട്ട് അപ്പ് ഇൻകുബേഷൻ, മെന്റർഷിപ്പ്, സപ്പോർട്ട് എന്നീ സേവനങ്ങൾ ലഭ്യമാക്കി Scalable Business ഉള്ള സംരംഭങ്ങളാക്കി മാറ്റിയെടുക്കുന്നതിന് ഉതകുന്ന പദ്ധതിയാണ് സ്റ്റാർട്ട് അപ്പ് ഡ്രീംസ്.<br>• പർച്ചേസ്/വർക്ക് ഓർഡറുകൾക്ക് വിധേയമായി അതിവേഗ സീഡ് ഫണ്ട് വനിതാ സംരംഭകർക്കായി യുവസംരംഭകത്വ പദ്ധതിയുടെ ഭാഗമായി നിലവിലുണ്ട്. ഈ ആനുകൂല്യം സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതിയിലെ വനിതാ സംരംഭകർക്ക് ലഭ്യമാണ്.<br>• പർച്ചേസ്/വർക്ക് ഓർഡറുകൾക്ക് വിധേയമായി അതിവേഗ സീഡ് ഫണ്ട് വനിതാ സംരംഭകർക്കായി യുവസംരംഭകത്വ പദ്ധതിയുടെ ഭാഗമായി നിലവിലുണ്ട്. ഈ ആനുകൂല്യം സ്റ്റാർട്ട് അപ്പ് ഡ്രീംസ് |

പദ്ധതിയിലെ വനിതാ സംരംഭകർക്ക് ലഭ്യമാണ്.

- പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗം യുവതി യുവാക്കൾക്ക് ശരിയായ മാർഗ്ഗ നിർദ്ദേശവും പരിശീലനവും സാമ്പത്തിക സഹായവും മികച്ച മാനേജ്മെന്റ് പിന്തുണയും നൽകി ആധുനിക സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രാപ്തരാക്കാൻ വേണ്ടിയുള്ള പദ്ധതിയാണ് കേരള എംപവർമെന്റ് സൊസൈറ്റി. സംസ്ഥാനത്തെ പട്ടികജാതി യുവതി യുവാക്കൾക്കിടയിൽ തൊഴിലവസരങ്ങളും വരുമാനവും സ്വാശ്രയ ബോധവും സൃഷ്ടിക്കുന്നതിനും ഉയർന്ന വിദ്യാഭ്യാസ യോഗ്യത ഉള്ള പട്ടികജാതി യുവതി യുവാക്കളെ ഒരേ സമയം തൊഴിൽ സംരംഭകരായും തൊഴിൽ ദാതാക്കളായും സജ്ജരാക്കുക എന്നതാണ് സൊസൈറ്റിയുടെ പ്രധാന ലക്ഷ്യം. പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.
- പട്ടികവർഗ്ഗക്കാർക്ക് സ്ഥിരമായ വരുമാനം ഉറപ്പ് വരുത്തി സാമ്പത്തിക ശാക്തീകരണം ലക്ഷ്യം വെച്ച് സംരഭകത്വ വികസന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന്റെ പ്രാരംഭ ഘട്ടത്തിലാണ്. വിദ്യാഭ്യാസ യോഗ്യത ഉള്ളവർക്കും വിദ്യാഭ്യാസം കുറഞ്ഞവർക്കും വെവ്വേറെ നൈപുണ്യ പരിശീലനങ്ങൾ സംഘടിപ്പിച്ച് പ്ലേസ്മെന്റ് ഉറപ്പാക്കുന്നുണ്ട്.
- പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉയർന്ന വിദ്യാഭ്യാസ യോഗ്യത ഉള്ളതും അല്ലാത്തവരുമായ തൊഴിൽരഹിതരായവർക്ക് വിവിധ മേഖലകളിൽ തൊഴിൽ ഉറപ്പാക്കുന്നതിന് വകുപ്പ് നൈപുണ്യ പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്.
- മതിയായ വിദ്യാഭ്യാസ യോഗ്യത ഉണ്ടായിട്ടും തൊഴിൽ ലഭിക്കാത്ത പട്ടികജാതി- പട്ടികവർഗ്ഗക്കാർക്ക് വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഹോണറേറിയം വ്യവസ്ഥയിൽ തൊഴിൽ ലഭ്യമാക്കുന്നുണ്ട്.
- ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ട്രേസ് (TRACE – Training for Career Excellence) പദ്ധതി പ്രകാരം എഞ്ചിനീയറിംഗ്, നഴ്സിംഗ്, നിയമം, അദ്ധ്യാപനം, സോഷ്യൽ വർക്ക്, ക്ലറിക്കൽ

| | | | |
|---|---|---|---|
| | | | തുടങ്ങിയ മേഖലകളിൽ യോഗ്യരായ പട്ടിക വിഭാഗം ഉദ്യോഗാർത്ഥികളെ പരിശീലനത്തിനായി ഹോണറേറിയത്തോടെ താല്ക്കാലികമായി നിയമിച്ചു വരുന്നു.<br>• ഇത്തരത്തിൽ 500 സിവിൽ എഞ്ചിനീയറിംഗ് ഉദ്യോഗാർത്ഥികളെയും 114 സോഷ്യൽ വർക്കർമാരെയും 18 അഭിഭാഷകരെയും നിയമിച്ചു കഴിഞ്ഞു. നിയമ ബിരുദധാരികൾക്കായി ഈ സർക്കാർ ആരംഭിച്ച ജ്വാല പദ്ധതി പ്രകാരം നിയമപഠനം പൂർത്തിയാക്കി എൻറോൾ ചെയ്തിട്ടുള്ള പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ബാർ കൗൺസിലിൽ എൻലിസ്റ്റ് ചെയ്ത മുതിർന്ന അഭിഭാഷകരോടൊപ്പവും പട്ടികജാതി വിഭാഗക്കാർക്ക് ഗവ. പ്ലീഡർമാരുടെ ഓഫീസ്, സ്പെഷ്യൽ കോടതികൾ, ലീഗൽ സർവ്വീസ് അതോറിറ്റി എന്നിവിടങ്ങളിലും പ്രതിമാസം ഹോണറേറിയത്തോടെ ഇന്റേൺഷിപ്പ് വ്യവസ്ഥയിൽ പരിശീലനം നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>• ഐടി, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് , ഓട്ടോമൊബൈൽ, ഏവിയേഷൻ, അനിമേഷൻ, കൺസ്ട്രക്ഷൻ, ആരോഗ്യം, ഓയിൽ & ഗ്യാസ്, മറൈൻ വ്യവസായം തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിൽ ലഭിക്കുന്നതിന് ഉതകുന്ന പരിശീലനങ്ങൾ നൽകുന്ന പദ്ധതികളും നടപ്പിലാക്കി വരുന്നു. |
| (ബി) | പ്രസ്തുത വിഭാഗത്തിലെ ദുർബല കുടുംബങ്ങൾക്ക് കൃഷിഭൂമി വാങ്ങുന്നതിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനും ധനസഹായം അനുവദിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗങ്ങളായ നായാടി, കള്ളാടി, വേടൻ, അരുന്ധതിയാർ / ചക്ലിയൻ എന്നീ വിഭാഗങ്ങളുടെ ഉന്നമനത്തിനും പുനരധിവാസത്തിനുമായി വകുപ്പ് നടപ്പിലാക്കി വരുന്ന ദുർബല വിഭാഗ പുനരധിവാസ പദ്ധതിയിൽ കൃഷിഭൂമി വാങ്ങുന്നതിനും സ്വയംതൊഴിൽ സംരംഭങ്ങൾക്കും ധനസഹായം അനുവദിച്ചു വരുന്നു.<br><br>ദുർബല വിഭാഗ പുനരധിവാസ പദ്ധതിയിലെ കൃഷിഭൂമി പദ്ധതി പ്രകാരം ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള ദുർബല വിഭാഗത്തിൽപ്പെട്ടവർക്ക് കൃഷിഭൂമി (കുറഞ്ഞത് 25 സെന്റ്) വാങ്ങുന്നതിന് 10,00,000/- രൂപ (പത്ത് ലക്ഷം രൂപ മാത്രം) ധനസഹായം അനുവദിച്ചു വരുന്നു. നടപ്പു സാമ്പത്തിക വർഷം ദുർബല വിഭാഗ പുനരധിവാസ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 31.01.2023 വരെ 32 പേർക്ക് |

| | | | |
|---|---|---|---|
| | | | കൃഷിഭൂമി വാങ്ങുന്നതിനായി ആകെ 3,20,00,000/- രൂപ (മൂന്നു കോടി ഇരുപത് ലക്ഷം രൂപ മാത്രം ) അനുവദിച്ചിട്ടുണ്ട്.<br><br>ദുർബല വിഭാഗ പുനരധിവാസ പദ്ധതിയിലെ സ്വയംതൊഴിൽ പദ്ധതി പ്രകാരം 100% സബ്സിഡിയോടെ വ്യക്തിഗത സ്വയംതൊഴിൽ സംരംഭങ്ങൾക്ക് പരമാവധി 3,00,000/- രൂപ (മൂന്നു ലക്ഷം രൂപ മാത്രം) വരെയും ഗ്രൂപ്പ് സ്വയംതൊഴിൽ സംരംഭങ്ങൾക്ക് പരമാവധി 5,00,000/- രൂപ (അഞ്ച് ലക്ഷം രൂപ മാത്രം) വരെയും അനുവദിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്.<br><br>ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വാസയോഗ്യവും കൃഷി യോഗ്യവുമായ ഭൂമി, ലാന്റ് ബാങ്ക് പദ്ധതിയിലുൾപ്പെടുത്തി വാങ്ങി നൽകുന്നുണ്ട്. കൂടാതെ വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ഊരുകൂട്ട തീരുമാനപ്രകാരം ക്ഷീരവികസനം/മൃഗസംരക്ഷണ പദ്ധതികൾ കൃഷി/ ഉദ്യാന കൃഷി, തയ്യൽ യൂണിറ്റ് തുടങ്ങിയ സ്വയം തൊഴിൽ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ